(ബി) ഇപ്രകാരം ട്രൈബ്യൂണലിന്റെ ഉത്തരവ് പാലിക്കാത്തതിനാൽ നിരവധി കെ.എസ്.ആർ.ടി.സി. ബസ്സുകൾ ജപ്തി ചെയ്ത് കോടതി പരിസരത്ത് മാസങ്ങളായി കിടന്നു നശിച്ചു പോകുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ,

(സി) ഇതൊഴിവാക്കാനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കാമോ;

(ഡി) കെ.എസ്.ആർ.ടി.സി. ക്കെയിം നൽകാനുള്ള കേസ്സുകളിൽ അദാലത്തുകൾ നടത്തി കേസ്സ് തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 18,98,89,550 രൂപ നൽകാനുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉണ്ട്.

(സി) വിധി തുകകൾ സാമ്പത്തിക ലഭ്യത അനുസരിച്ച് കൊടുത്ത് വാഹനങ്ങൾ ഇറക്കിക്കൊണ്ടിരിക്കുകയാണ്.

(ഡി) അദാലത്തുകൾ നടത്തി വരികയാണ്.

ഹർത്താൽ, പണിമുടക്ക് എന്നിവമൂലം കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായ നഷ്ടം

75 [510] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, എ. എൻ. രാജൻ ബാബു:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ഹർത്താൽ, പണിമുടക്ക് എന്നിവമൂലം കഴിഞ്ഞ ഒരു വർഷക്കാലം കെ.എസ്.ആർ.ടി.സി. യ്ക്കുണ്ടായ നഷ്ടം എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ വാഹനങ്ങൾക്കുണ്ടായ കേടുപാടുകൾമൂലമുള്ള നഷ്ടം, വാഹനങ്ങൾ ഓപ്പറേറ്റ് ചെയ്യാതിരുന്നതുമൂലമുള്ള നഷ്ടം എന്നിവ പ്രത്യേകം വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) 2003-ൽ ഉണ്ടായ ഹർത്താലുകളിലും പണിമുടക്കുകളിലും വാഹനങ്ങൾക്ക് കേടുപാടുകൾ ഉണ്ടായത്മൂലം 16,56,188 രൂപയുടെ നഷ്ടവും വാഹനങ്ങൾ ഓപ്പറേറ്റ് ചെയ്യാതിരുന്നതുമൂലം 7 കോടി 85 ലക്ഷം രൂപയുടെ വരുമാനക്കുറവും കെ.എസ്.ആർ.ടി.സി.ക്ക് ഉണ്ടായിട്ടുണ്ട്.

കണ്ടം ചെയ്തതും നിരത്തിലിറക്കിയതുമായ ബസ്സുകൾ

76 [511] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 ഏപ്രിൽ മുതൽ 2003 ഡിസംബർ വരെ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ കണ്ടം ചെയ്തു;

(ബി) ഈ കാലയളവിൽ എത്ര പുതിയ ബസ്സുകൾ നിരത്തിലിറക്കിയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 684 ബസ്സുകൾ.

(ബി) 1-4-2001 മുതൽ 31-12-2003 വരെ 503 ബസ്സുകൾ നിരത്തിലിറക്കുകയുണ്ടായി.

കെ.എസ്.ആർ.ടി.സി. വാങ്ങിയ പുതിയ ബസ്സുകൾ

77 [512] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ എത്ര കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ അടച്ചു പൂട്ടി; ഓരോ ജില്ലയിലും എത്ര ഡിപ്പോകൾ പൂട്ടിയെന്ന് വ്യക്തമാക്കുമോ;

(ബി) 2001-02, 2002-03, 2003-04 എന്നീ വർഷങ്ങളിലെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം എത്ര; പ്രസ്തുത വർഷങ്ങളിലെ കെ.എസ്.ആർ.ടി.സി.-യുടെ ചെലവ് എത്ര; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly